# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള

*[Mahatma Gandhi NREGA Social Audit Society Kerala (MGNSASK)]*

***03.07.2024 (ബുധനാഴ്ച) 11 എ.എമ്മിന്***

**ചെയർമാൻശ്രീ. പ്രണബ്ജ്യോതിനാഥ് ഐ.എ.എസ്സ്**

**(സെക്രട്ടറി,സ്പോർട്ട്സ്& യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം)-ന്റെ**

**അധ്യക്ഷതയിൽ ചേർന്ന 21-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ**

**നടപടിക്കുറിപ്പ്**

**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 03.07.2024 രാവിലെ 11 മണിക്ക് ചേർന്ന 21 -ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ നടപടിക്കുറിപ്പ്**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരളയുടെ 21 -ാമത് ഗവേർണിംഗ് ബോഡി യോഗം 2024 ജൂലൈ 03-ാം തീയതി രാവിലെ 11.00 മണിക്ക് ബഹു. ചെയർമാൻ ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്സ് (സെക്രട്ടറി, സ്പോർട്ട്സ് & യുവജനകാര്യം, മൃഗസംരക്ഷണം, ക്ഷീര വികസനം) അദ്ധ്യക്ഷതയിൽ ചേരുകയുണ്ടായി. യോഗത്തിലെ പങ്കാളിത്തവും നടപടി ക്രമങ്ങളും ചുവടെ ചേർക്കുന്നു.

**ഹാജർ:**

1. ശ്രീ. പ്രണബ്ജ്യോതി നാഥ് ഐ.എ.എസ് (ചെയർമാൻ)
2. ഡോ.എൻ.രമാകാന്തൻ (കൺവീനർ)
3. ശ്രീ. എസ്. രാജേന്ദ്രൻ (മെമ്പർ)
4. ശ്രീ. കെ. അനിമോൻ (മെമ്പർ)
5. ശ്രീ. ജോയ് ഇളമൺ (ഡയറക്ടർ ജനറൽ, കില)
6. ശ്രീമതി. മിലൻ എലിസബത്ത് ജോർജ്ജ് (അണ്ടർസെക്രട്ടറി,എൽ.എസ്.ജി. ഡിപ്പാർട്ട്മെന്റ്) സെക്രട്ടറി എൽ.എസ്.ജി.ഡി പ്രതിനിധി
7. ശ്രീ. അനിൽകുമാർ.സി, (അഡ്മിനിട്രേറ്റീവ് ഓഫീസർ, കുടുംബശ്രീ മിഷൻ ഡയറക്ടറുടെ പ്രതിനിധി)
8. ശ്രീമതി. അനിത.എസ്. ലിൻ (അസിസ്റ്റന്റ് ഡയറക്ടർ, വനിത-ശിശു വികസന വകുപ്പ് ഡയറക്ടറുടെ പ്രതിനിധി)

## യോഗ നടപടിക്രമങ്ങളും തീരുമാനങ്ങളും

1. **2024 മാർച്ച് 12-ാംതീയതി ചേർന്ന 20-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് അംഗീകരിക്കൽ**

   **തീരുമാനം:**

   20-ാമത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിച്ചു.

2. **2023-24 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഭൗതിക പുരോഗതി സംബന്ധിച്ച റിപ്പോർട്ട് അവലോകനം**

   **തീരുമാനം:**

   2023-24 സാമ്പത്തിക വർഷത്തിലെ രണ്ടാംപാദ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഭാഗമായി കൈവരിച്ച ഭൗതിക പുരോഗതിയിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി.

3. **2023-24 കാലയളവിൽ നടത്തിയ മറ്റ് സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകളുടെ ഭൗതിക പുരോഗതി അവലോകനം**

   **തീരുമാനം:**

   a. **കുടുംബാരോഗ്യ കേന്ദ്രം പൈലറ്റ് സോഷ്യൽ ഓഡിറ്റ്:** സംസ്ഥാനത്തെ ആറ് വ്യത്യസ്ഥ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ (കഞ്ഞിക്കുഴി-ആലപ്പുഴ, നായരമ്പലം-എറണാകുളം, ഓതറ-പത്തനംതിട്ട, മൊറയൂർ-മലപ്പുറം, കതിരൂർ-കണ്ണൂർ, പൂതാടി-വയനാട്) സോഷ്യൽ ഓഡിറ്റ് പ്രവർത്തന റിപ്പോർട്ട് യോഗം ചർച്ച ചെയ്യുകയും അന്തിമ റിപ്പോർട്ട് തയ്യാറാക്കി ആരോഗ്യ വകുപ്പിന് ലഭ്യമാക്കുവാൻ നിർദ്ദേശിച്ച് തീരുമാനിച്ചു.

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

**b. കേന്ദ്ര സാമൂഹ്യ നീതി-ശാക്തീകരണ** മന്ത്രാലയത്തിന്റെ ധനസഹായത്തോടെ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നാല് പദ്ധതികളുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റിന്റെ ആദ്യഘട്ടം മാർച്ച് 2024- ഓടുകൂടി പൂർത്തിയായി. സോഷ്യൽ ഓഡിറ്റിന് വിധേയമായ പദ്ധതികൾ 1. ശ്രേഷ്ഠ റെസിഡൻഷ്യൽ സ്കൂളുകൾ 2. ലഹരി വിമുക്ത ചികിത്സ സംയാജിത പുനഃരധിവാസ കേന്ദ്രങ്ങൾ 3. പി.എം.അജയ് ഹോസ്റ്റലുകളുടെ നിർമ്മാണം 4. വയോജന കേന്ദ്രങ്ങൾ എന്നിവയാണ്. സോഷ്യൽ ഓഡിറ്റിനായി, തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ നാല് ജില്ലകൾ തെരഞ്ഞെടുക്കുകയും നാല് ജില്ലകളിൽ നിന്നായി ആകെ 19 സ്ഥാപനങ്ങളിലെ സോഷ്യൽ ഓഡിറ്റാണ് പൂർത്തിയാക്കിയതെന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തു. പ്രസ്തുത പ്രവർത്തനങ്ങൾ യോഗം വിലയിരുത്തുകയും ജില്ലാതല സോഷ്യൽ ജസ്റ്റിസ് അസംബ്ലികൾ 2024 ജൂലൈ മാസത്തിൽ പൂർത്തീകരിച്ച് സംസ്ഥാന സോഷ്യൽ ജസ്റ്റിസ് അസംബ്ലി സംഘടിപ്പിച്ച് റിപ്പോർട്ട് അന്തിമമാക്കി കേന്ദ്ര സാമൂഹ്യ-നീതി ശാക്തീകരണ മന്ത്രാലയത്തിന് ലഭ്യമാക്കുവാൻ യോഗം നിർദ്ദേശിച്ചു.

**4. 2023–24 സാമ്പത്തിക വർഷത്തെ സോഷ്യൽ ഓഡിറ്റ് യൂണിറ്റിന്റെ ഫണ്ട് വിനിയോഗം റിപ്പോർട്ട് അംഗീകരിക്കൽ:**

**തീരുമാനം:**

**1. 2023–24 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫണ്ട് വിനിയോഗ റിപ്പോർട്ട്**

2023-24 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് നിർവ്വഹണത്തിനും സൊസൈറ്റിയുടെ പ്രവർത്തനങ്ങൾക്കുമായി MoRD-യിൽ നിന്നും ചരിത്രത്തിൽ ആദ്യമായി 4 ഗഡുകളായി 19,09,36,000/- രൂപ അനുവദിച്ചതിൽ മൂന്ന് ഗഡു (14,33,36,000/-) 2023–24 സാമ്പത്തിക വർഷം ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും ടി സാമ്പത്തിക വർഷത്തിന്റെ ഓപ്പണിംഗ് ബാലൻസും പലിശ ആർജിച്ചതുമുൾപ്പടെ 18,62,86,303.99/- രൂപയാണ് വരവായി കണക്കാക്കപ്പെട്ടിരിക്കുന്നത്. ടി തുകയിൽ വില്ലേജ്/ബ്ലോക്ക്/ജില്ല ആർ.പിമാരുടെ വേതനം, ഹോണറേറിയം, എസ്.എ.യു ഓഫീസ് സ്റ്റാഫിന്റെ ശമ്പളം/വേതനം, സൊസൈറ്റിയുടെ ഭരണ ചെലവുകൾ, ഓഫീസ് ദൈനംദിന ചെലവ് എന്നീ ഇനങ്ങളിലായി 2023–24 സാമ്പത്തിക വർഷം ചെലവഴിച്ച തുക **16,61,28,123.00/-** രൂപയാണ്. ക്ലോസിംഗ് ബാലൻസ് **2,01,58,180.99/-** രൂപയാണ്. ഇനം തിരിച്ചുള്ള റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

| ***SAU Kerala*** | |
|---|---|
| ***Income & Expenditure Statement of Social Audit on MGNREGS as on 31.03.2024*** | |
| ***Income*** | ***Amount (Rs.)*** |
| Opening Balance as on 01.04.2023 | 4,23,53,460.99 |
| 1st Instalment Received (12.07.23) | 4,78,68,000.00 |
| 2nd Instalment Received (27.10.23) | 4,78,68,000.00 |
| 3rd Instalment Received (23.02.24) | 4,76,00,000.00 |
| Interest Credited | 5,96,843.00 |
| **Total (1)** | **18,62,86,303.99** |
| ***Expenditure*** | |
| Administrative Expense | 33,44,324.00 |
| Honorarium &Wage to RPs | 12,90,84,702.00 |
| Office Management Expense | 14,72,905.00 |
| Capacity Building & Training | 10,89,094.00 |
| Asset | 2,92,773.00 |
| Repayment of advance | 3,00,00,000.00 |
| Statutory Payments | 1,96,606.00 |
| Interest remitted to MoRD | 6,47,719.00 |
| **Total (2)** | 16,61,28,123.00 |
| ***Balance as on 31.03 2024*** | **2,01,58,180.99** |

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

2023-24 വർഷത്തെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട ഫണ്ട് വിനിയോഗ റിപ്പോർട്ട് യോഗം ചർച്ച് ചെയ്ത് അംഗീകരിക്കുകയും മേൽ സ്റ്റേറ്റ്മെന്റ് അടിസ്ഥാനത്തിൽ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ച താല്ക്കാലിക വിനിയോഗ സർട്ടിഫിക്കറ്റിന് (2023-24) യോഗം സാധൂകരണം നൽകി.

**(2) 2023-24 സാമ്പത്തിക വർഷത്തെ മറ്റ് സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട ഫണ്ട് വിനിയോഗം റിപ്പോർട്ട്**

2023-24 സാമ്പത്തിക വർഷം മൂന്ന് പ്രധാന പദ്ധതികൾക്കായി (PMAY,NHM,Social Justice Schemes) 10,80,989/- രൂപ സോഷ്യൽ ഓഡിറ്റ് ഫണ്ട് ഇനത്തിൽ ലഭ്യമായി.ടി കാലയളവിൽ ചെലവ് 8,50,127/-രൂപയും നീക്കിയിരിപ്പ് (ക്ലോസിങ് ബാലൻസ്) 2,30,862/- രൂപയാണ്. പദ്ധതി തിരിച്ചുള്ള വരവ് ചെലവ് സ്റ്റേറ്റ്മെന്റ് ചുവടെ ചേർക്കുന്നു.

| SAU Kerala | | | |
|---|---|---|---|
| **Income & Expenditure Statement of Social Audit on Other Schemes as on 31.03.2024** | | | |
| **Schemes** | **PMAY** | **NHM** | **Social Justice** |
| ***Income*** | | | |
| Opening Balance as on 01.04.2023 | 105,932.00 | 346,500.00 | - |
| 1st Instalment Received | - | - | 212,362.00 |
| 2 Instalment Received | 117,705.00 | 173,250.00 | - |
| 3rd Instalment Received | 117,705.00 | - | - |
| Interest Credited | 3,311.00 | 3,902.00 | 322.00 |
| Total (1) | **344,653.00** | **523,652.00** | **212,684.00** |
| ***Expenditure*** | | | |
| Honorarium to Consultant | 22,500.00 | 47,250.00 | - |
| RP's Honorarium | 166,000.00 | 271,000.00 | 137,250.00 |
| TA to RPs | 20,000.00 | - | 22,025.00 |
| Training & Capacity Building | - | 104,096.00 | 14,300.00 |
| Printing Expense | 14,940.00 | 2,066.00 | - |
| Administrative Expense | - | - | 8,700.00 |
| **Total (2)** | **223,440.00** | **444,412.00** | **182,275.00** |
| ***Balance as on 31.03.2024 (1-2)*** | **121,213.00** | **79,240.00** | **30,409.00** |

2023-24 വർഷത്തെ മറ്റ് സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഫണ്ട് വിനിയോഗ റിപ്പോർട്ട് യോഗം ചർച്ച് ചെയ്ത് അംഗീകരിച്ചു.

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

5. **സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളും എ.റ്റി.ആർ പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട് അവലോകനം**

**തീരുമാനം:**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട സോഷ്യൽ ഓഡിറ്റ് കണ്ടെത്തലുകളും എ.റ്റി.ആർ.പുരോഗതിയും യോഗം ചർച്ച ചെയ്തു. അശാസ്ത്രീയമായ എസ്റ്റിമേറ്റ് തയ്യാറാക്കൽ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വരുത്തുന്ന വീഴ്ചകൾ എന്നിവയുടെ ഫലമായി പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് സോഷ്യൽഓഡിറ്റിൽ കണ്ടെത്തിയ സാമ്പത്തിക ദുരുപയോഗയിനത്തിൽപ്പെടുത്തിയിട്ടുള്ള തുകകൾ എം.ജി.എൻ.ആർ.ഇ.ജി.എസ് തൊഴിലാളികളിൽ നിന്നും തിരികെ വസൂലാക്കി റിക്കവറിയിനത്തിൽ ഉൾക്കൊള്ളിക്കുന്ന പ്രവണത ഒഴിവാക്കണമെന്ന് അംഗങ്ങളായ ശ്രീ. എസ്.രാജേന്ദ്രൻ, ശ്രീ. കെ. അനിമോൻ എന്നിവർ അഭിപ്രായപ്പെട്ടു. എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ഉണ്ടാകുന്ന വീഴ്ചകളുടെ ഉത്തരവാദിത്വം തൊഴിലാളികളുമായി ബന്ധപ്പെട്ടിട്ടുള്ളതല്ലാത്തതിനാൽ ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്വമായി കണക്കാക്കേണ്ടതാണ്. മേൽ വിഷയം ബഹു. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും മിഷൻ ഡയറക്ടറുടെയും ശ്രദ്ധയിൽപ്പെടുത്തുന്നതിന് സോഷ്യൽ ഓഡിറ്റ് യൂണിറ്റ് ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

6. **2024-25 സോഷ്യൽ ഓഡിറ്റ് കലണ്ടർ അംഗീകരിക്കൽ**

**തീരുമാനം:**

2024-25 വർഷത്തെ ഒന്നാംപാദം സോഷ്യൽ ഓഡിറ്റ് കലണ്ടർ ഇതിനകം തയ്യാറാക്കിയിട്ടുണ്ട്. 2024 ഏപ്രിൽ 1 മുതൽ ആരംഭിച്ച് 2024 സെപ്തംബർ 30-യോടുക്കൂടി സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കുന്നതിന് കഴിയുന്നവിധമാണ് സോഷ്യൽ ഓഡിറ്റ് കലണ്ടർ തയ്യാറാക്കിയിട്ടുള്ളത്. ടി കലണ്ടർ യോഗം വിലയിരുത്തുകയും 2024-25 വർഷത്തെ ഒന്നാംപാദ സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കണമെന്ന നിർദ്ദേശത്തോടെ 2024-25 ഒന്നാപാദ സോഷ്യൽ ഓഡിറ്റ് കലണ്ടറിന് യോഗം അംഗീകാരം നൽകി.

7. **ജില്ലാതലത്തിൽ നടത്തിയ വി.ആർ.പിമാരുടെ റെഫ്രഷർ ട്രെയിനിംഗ് സംബന്ധിച്ച റിപ്പോർട്ട്**

**തീരുമാനം:**

കാര്യക്ഷമവും ഗുണമേന്മയുള്ളതുമായ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് നിലവിലുള്ള വില്ലേജ് റിസോഴ്സ് പേഴ്സൺമാരെ ഉയർന്ന കാര്യപ്രാപ്തിയും ഓഡിറ്റിന് വൈദഗ്ദ്ധ്യമുള്ള റിസോഴ്സ് പേഴ്സൺമാരാക്കി മാറ്റുന്നതിനു ഉതകുന്ന തരത്തിലുള്ള രണ്ട് ദിവസത്തെ തുടർ പരിശീലന പരിപാടി സംഘടിപ്പിക്കുകയും 14 ജില്ലകളിലായി 965 വില്ലേജ് റിസോഴ്സ് പേഴ്സൺമാർക്ക് പരിശീലനം നൽകിയ പ്രവർത്തനത്തിൽ യോഗം സംതൃപ്തി രേഖപ്പെടുത്തി.

8. **നിയമനം സംബന്ധിച്ച് അംഗീകാരം/സാധൂകരണം**

**തീരുമാനം:**

(1) **എൻ.എസ്.എ.പി സോഷ്യൽ ഓഡിറ്റിനായി ശ്രീ. അനിൽകുമാറിന്റെ (കൺസൾട്ടന്റായി) നിയമനം.**

ദേശീയ സാമൂഹ്യ സഹായ പദ്ധതി (എൻ.എസ്.എ.പി)യുടെ സോഷ്യൽ ഓഡിറ്റ് കേരള സോഷ്യൽ ഓഡിറ്റ് യൂണിറ്റിനെ ചുമതലപ്പെടുത്തിക്കൊണ്ട് 20.2.2024-ൽ (സ.ഉ.സാധാ)നം.428/2024. എസ്.എസ്.ജി.ഡി നമ്പർ ഉത്തരവ്) സർക്കാർ ഉത്തരവായ സാഹചര്യത്തിൽ സംസ്ഥാനത്തുടനീളം നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

ടി മേഖലയിൽ പ്രവർത്തന പരിചയ സമ്പത്തും വൈദഗ്ദ്ധ്യവുമുള്ള ശ്രീ. അനിൽകുമാർ.വി, റിട്ടയേർഡ് അസിസ്റ്റന്റ് ഡയറക്ടർ പഞ്ചായത്തിനെ കൺസൾട്ടന്റായി ആറ് മാസക്കാലത്തേക്ക് നിയമനം നടത്തുന്നതിനുള്ള സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ നിർദ്ദേശം യോഗം അംഗീകരിച്ചു.

**(2) സാമൂഹ്യ നീതി ശാക്തീകരണ മന്ത്രാലയത്തിന്റെ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾക്കായി ശ്രീമതി. എസ്. നിലാഷയെ (ഡി.ആർ.പിയെ) എസ്.ആർ.പി ഇൻചാർജ്ജായി നടത്തിയ നിയമനം.**

**തീരുമാനം:**

കേന്ദ്ര സാമൂഹ്യ നീതി-ശാക്തീകരണ മന്ത്രാലയത്തിന്റെ ധനസഹായത്തോടെ വിനിയോഗിച്ച് സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് കേരള സോഷ്യൽ ഓഡിറ്റ് സൊസൈറ്റിയെ കേന്ദ്ര മന്ത്രാലയം ചുമതലപ്പെടുത്തുകയും അതിൻപ്രകാരമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരികയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും തിരുവനന്തപുരം ഡി.ആർ.പി ആയിരുന്ന ശ്രീമതി. എസ്. നിലാഷയെ നിലവിൽ സോഷ്യൽ ഓഡിറ്റ് യൂണിറ്റിൽ ഒഴിവുള്ള എസ്.ആർ.പി തസ്തികയിലേക്ക് ഇൻചാർജ്ജ് ആയി നിയമിച്ച നടപടിക്ക് യോഗം സാധൂകരണം നൽകി.

**9. (1) നിലവിൽ ഒഴിവുള്ള തസ്തികയിലേക്ക് ബി.ആർ.പി.മാരുടെയും വി.ആർ.പിമാരുടെയും നിയമനം നടത്തുന്നതിന് അനുമതി.**

**തീരുമാനം:**

ജില്ലാതലത്തിൽ നിലവിലുള്ള ബി.ആർ.പിമാരുടെ ഒഴിവുകൾ ബന്ധപ്പെട്ട ജില്ലകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിനും വി.ആർ.പിമാരുടെ നിയമനം നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും റാങ്ക് ലിസ്റ്റ് നിലിവിൽ ഇല്ലാത്ത ജില്ലകളിൽ പുതുതായി അപേക്ഷ ക്ഷണിച്ച് നിലവിലെ ചട്ടപ്രകാരം നിയമനം നടത്തുന്നതിനും യോഗം ഡയറക്ടർക്ക് അനുമതി നൽകി.

**(2) അട്ടപ്പാടി, കൽപറ്റ,ദേവികുളം പ്രദേശങ്ങളിൽ വി.ആർ.പി.മാരുടെ ഒഴിവു നികത്തുന്നതിന് ഇളവ് അനുവദിക്കുന്നത് സംബന്ധിച്ചുള്ള അംഗീകാരം**

**തീരുമാനം:**

അട്ടപ്പാടി, കൽപ്പറ്റ, ദേവികുളം ബ്ലോക്കു പ്രദേശങ്ങളിൽ സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങൾ ഫെസിലിറ്റേറ്റ് ചെയ്യുന്നതിന് ആവശ്യമായ വി.ആർ.പി.മാരെ കണ്ടെത്തുന്നതിന് കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ടി പ്രദേശത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത മേഖലയിൽ നിന്നുള്ള വി.ആർ.പിമാരുടെ കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത 12-ാം ക്ലാസായും ഉയർന്ന പ്രായപരിധി 41 വയസ്സായും നിശ്ചയിക്കുന്നതിന് മറ്റ് ബ്ലോക്കുകളിൽ നിന്നും വ്യത്യസ്തമായി ഇളവ് അനുവദിക്കണമെന്നും വാക്ക് ഇൻ ഇന്റർവ്യൂയിലൂടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള പ്രത്യേക അനുമതി നൽകണമെന്നുമുള്ള നിർദ്ദേശം യോഗം ചർച്ച ചെയ്ത് അംഗീകരിച്ചു.

**10. വി.ആർ.പി.മാരുടെ വേതനം നിശ്ചയിക്കുന്നത് സംബന്ധിച്ചുള്ള വർക്ക് സ്റ്റഡി റിപ്പോർട്ട് അംഗീകാരം**

**തീരുമാനം:**

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെസോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ മുഖ്യ പ്രവർത്തനങ്ങളായ ഫയൽ, ഫീൽഡ് പരിശോധനയ്ക്ക് പ്രവൃത്തി നടപ്പിലാക്കുന്ന വിവിധ പ്രദേശങ്ങളിലെ ഭൂപ്രകൃതിയുടെയും എത്തിച്ചേരുന്നതിനുള്ള സൗകര്യങ്ങളുടെയും അടിസ്ഥാനത്തിൽ

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

ആവശ്യമായ സമയം കണക്കാക്കി ഒരു ദിവസം പൂർത്തിയാക്കാൻ കഴിയുന്ന പ്രവൃത്തിയെ സംബന്ധിച്ച് തയ്യാറാക്കിയ താഴെ കൊടുത്തിട്ടുള്ള വർക്ക് സ്റ്റഡി റിപ്പോർട്ട് യോഗം ചർച്ച ചെയ്തു.

| WORK STUDY- PERSONDAY ASSESSMENT FORMAT | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| Sl. no | Districts | File verification/per day/per two persons | | | Field varification/per day/per two persons | | | | | |
| | | Individual work | group/ public work | Registers/ Days reqired | High land individual work | High land group work | Mid land Individual work | Mid land group work | coastal/Plain land individual work | coastal/ plain land group work |
| 1 | Allappuzha | 24 | 9 | 1 | 15 | 8 | 16 | 8 | 18 | 8 |
| 2 | Kozhikode | 35 | 18 | 1 | 12 | 10 | 18 | 10 | 20 | 14 |
| 3 | Malappuram | 20 | 6 | 1 | 16 | 8 | 24 | 12 | 18 | 12 |
| 4 | Kottyam | 24 | 10 | 2 | 18 | 9 | 22 | 14 | 24 | 16 |
| 5 | Palakkad | 30 | 16 | 1 | 18 | 10 | 20 | 12 | 24 | 14 |
| 6 | Idukki | 35 | 25 | 1 | 15 | 8 | 20 | 10 | 20 | 15 |
| 7 | kazargode | 28 | 10 | 1 | 12 | 8 | 14 | 10 | 14 | 10 |
| 8 | Pathanamthitta | 27 | 10 | 1 | 12 | 6 | 12 | 10 | 14 | 10 |
| 9 | Kannur | 20 | 10 | 1 | 20 | 8 | 24 | 10 | 26 | 12 |
| 10 | Ernakulam | 22 | 13 | 1 | 20 | 10 | 24 | 12 | 26 | 14 |
| 11 | Thiruvananthapuram | 16 | 5 | 1 | 16 | 8 | 20 | 12 | 22 | 11 |
| 12 | Kollam | 24 | 16 | 1 | 14 | 8 | 18 | 10 | 20 | 10 |
| 13 | Thrissur | 24 | 10 | 1 | 16 | 6 | 14 | 10 | 18 | 12 |
| 14 | Wynad | 15 | 8 | 1 | 12 | 6 | 12 | 8 | 12 | 10 |
| | Total | 344 | 166 | 15 | 216 | 113 | 258 | 148 | 276 | 168 |
| | **Average** | **24.57** | **11.86** | **1.07** | **15.43** | **8.07** | **18.43** | **10.57** | **19.71** | **12.00** |
| | **Average (rounded)** | **24** | **12** | **1** | **16** | **8** | **18** | **10** | **20** | **12** |

മേൽ വർക്ക് സ്റ്റഡി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വേതന വിതരണ മാനദണ്ഡം നിശ്ചയിച്ച് തുടർ-നടപടികൾ കൈക്കൊള്ളുവാൻ ഡയറക്ടറെ യോഗം ചുമതലപ്പെടുത്തി.

**11. ബൈലോ ഭേദഗതി സംബന്ധിച്ച പുരോഗതി**

**തീരുമാനം:**

“Mahatma Gandhi National Employment Guarantee Act Social Audit Society Kerala” എന്ന നിലവിലുള്ള പേര് പുനർ നാമകരണം ചെയ്ത് “Kerala Society For Social Audit” (KSSA) എന്നാക്കുന്നതിന് വേണ്ടുന്ന ഭേദഗതി വരുത്തുന്നതിന് സർക്കാർ അനുമതി ലഭിച്ചിട്ടുണ്ട് എന്നുള്ള വിവരം റിപ്പോർട്ട് ചെയ്തു. 2017 മുതൽ നാളിതുവരെ സൊസൈറ്റിയുടെ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ലാത്ത സാഹചര്യം നിലനിൽക്കുന്നു. സൊസൈറ്റിയുടെ രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള നടപടികൾ പുതുതായി തിരഞ്ഞെടുത്ത ചാർട്ടേർഡ് അക്കൗണ്ടന്റ് (ശ്രീജിത്ത് പി.ജെ. ആന്റ് കമ്പനി) സഹായത്തോടെ പൂർത്തീകരിക്കുവാനും ഇതിന്റെ അടിസ്ഥാനത്തിൽ ബൈലോ ഭേദഗതി ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളുവാനും യോഗം നിർദ്ദേശിച്ച് തീരുമാനിച്ചു.

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

12. **പുതുതായി തിരഞ്ഞെടുത്ത ചാർട്ടേർഡ് അക്കൗണ്ടന്റ് ശ്രീജിത്ത് പി.ജെ.ആന്റ് കമ്പനി യുടെ അംഗീകാരം**
**തീരുമാനം:**

2023-24 സാമ്പത്തിക വർഷത്തെ ധനവിനിയോഗം സംബന്ധിച്ച കണക്കുകൾ ഓഡിറ്റ് ചെയ്ത് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി 28.02.2024- ൽ കൂടിയ ഗവേർണിംഗ് ബോഡി യോഗ നിർദ്ദേശി പ്രകാരം ചട്ടപ്രകാരം പുതുതായി നിയമനം ശ്രീജിത്ത് പി.ജെ. ആന്റ് കമ്പനിക്ക് നൽകിയ നടപടിക്ക് യോഗം സാധൂകരണം നൽകി.

13. **റിസോഴ്സ് പേഴ്സൺമാരുടെയും സോഷ്യൽ ഓഡിറ്റ് യൂണിറ്റ് സ്റ്റാഫുകളുടെയും ഓണറേറിയം/ശമ്പളം/വേതനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച തീരുമാനം**
**തീരുമാനം:**

സോഷ്യൽ ഓഡിറ്റുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വി.ആർ.പിമാരുടെയും, ബി.ആർ.പിമാരുടെയും, ഡി.ആർ.പിമാരുടെയും സോഷ്യൽ ഓഡിറ്റ് യൂണിറ്റിലെ സ്റ്റാഫിന്റെയും റിസാഴ്സ് പേഴ്സൺമാരുടെയും ഓണറേറിയം/വേതനം എന്നിവ വർദ്ധിപ്പിക്കുന്നതിനുള്ള പ്രോപ്പോസൽ യോഗം ചർച്ച ചെയ്ത് താഴെപ്പറയും പ്രകാരം അംഗീകാരം നൽകി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| Category | Existing Wage/ Honorarium per month (in Rs.) | Approved Wage / Honorarium per month (in Rs.) | Enhanced Amount | % Enhancement |
|---|---|---|---|---|
| DRP | 23,000 | 24,150 | 1,150 | 5 |
| BRP | 15,000 | 15,750 | 750 | 5 |
| VRP | 500/Day | 600/Day | 100/Day | 20 (യാത്രപ്പടി ഉൾപ്പെടെ) |
| Director | 1,00,000 | 1,05,000 | 5,000 | 5 |
| SDS | 40,000 | 44,000 | 4,000 | 10 |
| SRP | 30,000 | 33,000 | 3000 | 10 |
| MIS Expert | 30,000 | 33,000 | 3000 | 10 |
| Accounts Officer | 25,000 | 27,500 | 2500 | 10 |
| **Total** | | | | |

മേൽ വർദ്ധനവ് 2024 ജൂലൈ -1 മുതൽ പ്രാബ്യലത്തോടെ നടപ്പിലാക്കുന്നതിന് അംഗീകാരം നൽകി.

14. **ഡി.ആർ.പി., ബി.ആർ.പിമാരുടെ എഗ്രിമെന്റ് പുതുക്കുന്നതിനുള്ള അംഗീകാരം**
**തീരുമാനം:**

കാലാവധി പൂർത്തിയായ റിസോഴ്സ് പേഴ്സൺമാരെ 1 വർഷകാലത്തേക്കോ അതല്ലെങ്കിൽ അവരുടെ പ്രവർത്തന മികവ് വിലയിരുത്തി അതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായവരെ കണ്ടെത്തി പുനർ നിയമനം നൽകുന്നതുവരെയോ, ചെയ്യുന്നതുവരെയോ, ഏതാണ് ആദ്യം വരുന്നത് എന്നതിനെ അടിസ്ഥാനമാക്കി ബ്ലോക്ക് റിസോഴ്സ് പേഴ്സൺമാരുടെ തുടർ നിയമനം ഒരു ദിവസത്തെ ഇടവേള യോടെ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നതിന് യോഗം അനുമതി നൽകി. റിസോഴ്സ് പേഴ്സൺമാരുടെ വർക്ക് അസസ്മെന്റ് സ്റ്റഡി സമയബന്ധിതമായി പൂർത്തീകരിക്കുവാൻ യോഗം നിർദ്ദേശിച്ചു.

PRANABJYOTI NATH IAS
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram

**15. സോഷ്യൽ ഓഡിറ്റ് സ്റ്റേറ്റ് തല വർക്ക്ഷോപ്പ് ജൂലൈ 11-ന് സംഘടിപ്പിക്കുന്നത് സംബന്ധിച്ച്**
**തീരുമാനം:**

18-മത് ഗവേർണിംഗ് ബോഡി യോഗത്തിന്റെ തീരുമാനപ്രകാരം സോഷ്യൽ ഓഡിറ്റ് പ്രവർത്തനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും കണ്ടെത്തലുകൾ ചർച്ച ചെയ്ത് പോരായ്മകൾ പരിഹരിക്കുന്നതിനും സോഷ്യൽ ഓഡിറ്റ് മറ്റ് പദ്ധതികളിലേക്ക് വ്യാപിപ്പിക്കുന്നതിനും ബന്ധപ്പെട്ട സ്റ്റേക്ക് ഹോൾഡേഴ്സ്, ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സംസ്ഥാനതല ശില്പശാല 2024 ജൂലൈ 11-ന് തിരുവനന്തപുരം ഐ.എം.ജി ഹാളിൽ സംഘടിപ്പിക്കുന്നതിനുള്ള അനുമതി നൽകി.

**16.** ഉല്പാദന പരമായ ആസ്തികൾ സൃഷ്ടിക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേണ്ടത്ര പ്രാധാന്യം ലഭിക്കുന്നില്ലായെന്നും സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നില്ലായെന്നും യോഗത്തിൽ അംഗങ്ങൾ അഭിപ്രായപ്പെട്ടു. മേൽ വിഷയങ്ങൾ ജൂലൈ 11-ന് സംഘടിപ്പിക്കുന്ന ശില്പശാലയിൽ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണെന്ന് ചെയർപേഴ്സൺ നിർദ്ദേശിച്ചു. ഇതുസംബന്ധിച്ച വിശദമായ കുറിപ്പ് തയ്യാറാക്കി തൊഴിലുറപ്പ് മിഷൻ ഡയറക്ടർക്ക് നൽകുന്നതിനും ചുമതലപ്പെടുത്തി.

യോഗം ഉച്ചക്ക് 1 മണിക്ക് അവസാനിച്ചു.

**ഡോ .എൻ.രമാകാന്തൻ**
ഡയറക്ടർ
എസ്.എ.യു.കേരള

**പ്രണബ്ജ്യോതി നാഥ് ഐ.എ.എസ്**
ചെയർമാൻ,ഗവേർണിംഗ് ബോഡി എസ്.എ.യു.കേരള
സ്പോർട്ട്സ് & യുവജനകാര്യം സെക്രട്ടറി.

**PRANABJYOTI NATH IAS**
Secretary to Government
Sports & Youth Affairs
Animal Husbandry, Dairy Development &
Museum (Zoo) Department
Government secretariat
Thiruvananthapuram